(എ) സൗദി സർക്കാരിന്റെ നിതാഖത് നിയമംമൂലം തൊഴിൽ നഷ്ടപ്പെടുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ പ്രത്യേക സ്വയം തൊഴിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഏതെല്ലാം മേഖലയിൽ ആരംഭിക്കുന്ന സ്വയം തൊഴിലുകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് പദ്ധതിയിലൂടെ സംരംഭകർക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നിതാഖത്ത് നിയമംമൂലം സൗദി അറേബ്യയിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി കെ.എസ്.ബി.സി.ഡി.സി. പ്രത്യേക സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കിയിരുന്നു.

(ബി) നിതാഖത്ത് നിയമംമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്ന മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജീവിതമാർഗ്ഗം ഉണ്ടാക്കുന്നതിനായി സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിന് പലിശ കുറഞ്ഞ വായ്പ ലഭ്യമാക്കുക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

(സി) വരുമാനദായകമായതും നിയമപരമായി നടത്താൻ കഴിയുന്നതുമായ തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ അനുവദിച്ചിരുന്നു.

(ഡി) 3% പലിശ നിരക്കിൽ പരമാവധി 10 ലക്ഷം രൂപയാണ് വായ്പ അനുവദിച്ചിരുന്നത്.

വ്യാജ ജാതി സർട്ടിഫിക്കറ്റ്

227 (3663) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കി ജോലി നേടിയത് സംബന്ധിച്ചുള്ള പരാതികളിൽ എത്ര പേരുടെ കാര്യത്തിൽ കിർത്താഡ്സ് തീരുമാനമെടുത്തിട്ടുണ്ട് ;

(ബി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിലെ ജാതി വ്യാജമെന്ന് തെളിഞ്ഞിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എത്ര പരാതികളിൽ സർട്ടിഫിക്കറ്റിൽ ജാതി സത്യമെന്ന് തെളിഞ്ഞിട്ടുണ്ട് ;

(ഡി) കിർത്താഡ്സിന്റെ കണ്ടെത്തലിനെതിരെ എത്ര പേർ കോടതികളിലെത്തി അനുകൂലവിധി നേടിയിട്ടുണ്ട് ; എത്ര കേസ്സുകൾ തീർപ്പാക്കാതെ കോടതികളുടെ പരിഗണനയിലുണ്ട് ;

(ഇ) കിർത്താഡ്സിന്റെ കണ്ടെത്തലിനെ തുടർന്ന് എത്രപേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട് ;

(എഫ്) കിർത്താഡ്സിന്റെ പരിഗണനയിൽ നിലവിൽ എത്ര പരാതികൾ ഉണ്ട് ?

ഉത്തരം

(എ) 316 കേസ്സുകളിൽ അന്വേഷണം പൂർത്തിയാക്കി സ്ക്രൂട്ടിനി കമ്മിറ്റിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) 304 കേസ്സുകളിൽ ജാതി വ്യാജമെന്ന് തെളിഞ്ഞിട്ടുണ്ട്.

(സി) 12 കേസ്സുകളിൽ ജാതി സത്യമെന്ന് തെളിഞ്ഞിട്ടുണ്ട്.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) കിർത്താഡ്സിന്റെ പരിഗണനയിൽ 678 പരാതികൾ നിലവിലുണ്ട്.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

228 (3664) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര പട്ടികജാതി കോളനികൾ നവീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെന്നും അതിൽ എത്രയെണ്ണം നവീകരിച്ചുവെന്നും അറിയിക്കാമോ ;

(സി) ഈ പദ്ധതി പ്രകാരം ചെയ്ത നവീകരണ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയുടെ കണക്കും ലഭ്യമാണോ ?

LIBRARY ARCHIVES Kerala Legislative Assembly